# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3849 19.03.2018ൽ മറുപടി നൽകേണ്ടത്.

### ഒറ്റപ്പാലം ബധിര മൂക വിദ്യാലയത്തിന് വൈദ്യുതി ചാർജ്ജ് ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉണ്ണി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബധിരരായ കുട്ടികൾ താമസിച്ച് പഠിച്ചുവരുന്ന ഒറ്റപ്പാലം സർക്കാർ ബധിര മൂക വിദ്യാലയം വൈദ്യുതി ചാർജ്ജ് ഇളവ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണം എന്ന അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഒറ്റപ്പാലം സർക്കാർ ബധിര മൂക സ്കൂളിലെ ഹെഡ്മിസ്ട്രസ്, വൈദ്യുതി ചാർജ്ജ് ഇളവ് അനുവദിക്കുന്നതിന്, ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ വഴി വൈദ്യുതി ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടിയെന്ത്;എത്ര തുകയുടെ ഇളവ് ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത അപേക്ഷ വൈദ്യുതി ബോർഡ് പരിശോധിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 07.2017 ൽ ലഭിച്ച ബില്ലിലെ തുകയായ 4,21,538/- (നാല് ലക്ഷത്തി ഇരുപത്തിഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തിഎട്ട്) രൂപയിൽ 2,24,981/- (രണ്ട് ലക്ഷത്തി ഇരുപത്തിനായിരത്തി തൊള്ളായിരത്തി എൺപത്തിഒന്ന്) രൂപയായി കുറച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം 1,96,557/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റി അൻപത്തി ഏഴ്) രൂപയുടെ ഇളവ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ